**DEC: 6**

# KGBEU OU ബുള്ളറ്റിൻ 69/2022

സഖാക്കളെ,

നമ്മുടെ ബാങ്കിന് IT മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് 5 അവാർഡുകൾ ലഭിച്ച വിവരം നവമാധ്യമത്തിൽക്കൂടി അറിഞ്ഞു കാണുമല്ലോ. RRB കൾക്കായി ഏർപ്പെടുത്തിയ ആകെയുള്ള 7 അവാർഡുകളിലാണ് 5 എണ്ണത്തിന് നാം അർഹരായത്. ഇതിനായി അഹോരാത്രം യത്നിച്ച മുഴുവൻ ജീവനക്കാരെയും അഭിവാദ്യം ചെയ്യുന്നു.

എന്നാൽ, ഈ സന്തോഷത്തിന്റെ മുഹൂർത്തത്തിന് ഭംഗം വരുത്തിക്കൊണ്ട് നമ്മുടെ ബാങ്കിന്റെ പ്രതിനിധികൾ ആരും തന്നെ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുകയുണ്ടായില്ല. കനറാ ബാങ്കിന്റെ ജനറൽ മാനേജരാണ് അവാർഡ് കൈപ്പറ്റിയത്. നാളിതു വരെ നമ്മുടെ ബാങ്കിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ജനറൽ മാനേജർമാർ നില നിൽക്കുന്ന ഈ സമയത്ത് വളരെയധികം പ്രതിഷേധകരമായ കാര്യമായാണ് നാം ഇതിനെ കാണുന്നത്. ഈ വിഷയത്തിൽ സംഘടനയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് നാം ചെയർമാന് കത്ത് നൽകിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ